# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 647** **10.03.2015- ൽ മറുപടിക്ക്**

## കൈത്തറി മേഖലയുടെ പുനരുദ്ധാരണം

**ചോദ്യം**

**ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**

(എ) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**ഉത്തരം**

**ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ഫാക്ടറി ടൈപ്പ് സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതികൾ നിലവിലുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഫാക്ടറി ടൈപ്പ് കൈത്തറി സഹകരണ സംഘങ്ങൾക്ക് താഴെപറയും പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

| | |
|---|---|
| പ്രവർത്തന മൂലധനം | - 5 ലക്ഷം രൂപ |
| കെട്ടിട നവീകരണത്തിന് | -3 ലക്ഷം രൂപ |
| ഇ.എസ്.ഐ/ഇ.പി.എഫ് കുടിശ്ശിക തീർക്കുവാൻ | -5 ലക്ഷം രൂപ |

ഉൽപന്ന വൈവിധ്യവൽക്കരണത്തിന് 1 ലക്ഷം രൂപയും ഉൾപ്പെടെ പരമാവധി 14 ലക്ഷം രൂപ ഓരോ സംഘത്തിനും അനുവദിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റീഫോംസ്, റീസ്ട്രക്ച്ചറിംഗ് പാക്കേജ് പ്രകാരം 2010 മാർച്ച് 31 വരെ ഉള്ള (എൻ.പി.എ ആകുന്നതു വരെ) 100% ലോണും 25% പലിശയും ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. സംഘങ്ങൾ അംഗങ്ങൾക്ക് കൊടുക്കുവാനുള്ള കുടിശ്ശിക തുകയും കൊടുത്തിട്ടുണ്ട്.

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി എന്തു തുക വിനിയോഗിച്ചുവെന്ന് അറിയിക്കാമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 4648.54 |
| 2012-13 | 5227.52 |
| 2013-14 | 4834.07 |
| 2014-15 | 2704.54(ജനുവരി 15 വരെ) |

കൂടാതെ റിവൈവൽ, റീഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജ് പദ്ധതി പ്രകാരം 2013-14 ൽ കേന്ദ്രസംസ്ഥാന വിഹിതം ഉൾപ്പെടെ 28.32 കോടി രൂപയും 2014-15 ൽ 172.29 കോടി രൂപയും ചെലവഴിച്ചു.

(സി) കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പയും പലിശയും ഒഴിവാക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

(സി) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും, അപ്പക്സ് സംഘത്തിന്റെയും, സ്വകാര്യനെയ്ത്തുകാരുടെയും 31.03.2010 ന് കുടിശ്ശികയായിട്ടുള്ള വായ്പത്തുകയുടെ 100%വും പലിശയുടെ 25%വും (എൻ.പി.എ ആയ തീയതി വരെയുള്ള) തിരിച്ചടയ്ക്കുന്നതിന്, സാമ്പത്തിക സഹായം നൽകുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് റിവൈവൽ, റീഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജ് ഫോർ ഹാന്റ്ലൂം സെക്ടർ. അപ്രകാരം കേന്ദ്രസർക്കാരും, നബാർഡും, സംസ്ഥാന സർക്കാരും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻറ്റിംഗ് ഒപ്പുവയ്ക്കുകയും പദ്ധതി

നടത്തിപ്പിലേയ്ക്കായി സംസ്ഥാനതല ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് റിവ്യൂ കമ്മിറ്റി, ജില്ലാതല ഇംപ്ലിമെന്റേഷൻ മോണിറ്ററിംഗ് റിവ്യൂ കമ്മിറ്റി തുടങ്ങിയവ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി യഥാസമയം ചേർന്ന് റിവൈവൽ, റീഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജിന് അർഹതയുള്ള സംഘങ്ങളുടെ ലിസ്റ്റും തുകയും അംഗീകരിച്ച് കേന്ദ്രസർക്കാരിലേയ്ക്ക് ശുപാർശ ചെയ്ത് അയയ്ക്കുകയും അപ്രകാരം റിവൈവൽ, റീഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജ് അംഗീകരിക്കുകയും, സംഘങ്ങൾക്കും ഹാന്റക്സിനും വ്യക്തിഗത യൂണിറ്റുകൾക്കും ആനുകൂല്യം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ നിർവ്വഹണ ഏജൻസി നബാർഡാണ്. 31.03.2010 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ, നബാർഡ് സ്പെഷ്യൽ ഓഡിറ്റ് നടത്തി, കേന്ദ്രസർക്കാരിന്റെ നിബന്ധനകൾക്കു വിധേയമായി വയബിൾ/പൊട്ടൻഷ്യലി വയബിൾ വിഭാഗങ്ങളിൽപ്പെട്ട അർഹതയുള്ള സംഘങ്ങളെ കണ്ടെത്തുകയും, ആനുകൂല്യം നൽകുകയുമാണുണ്ടായത്. പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 124 സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കും രണ്ടാം ഘട്ടത്തിൽ 233 പ്രൈമറി കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്കും 5

വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിയ്ക്കാൻ അർഹതയുള്ളതായി നബാർഡ് കണ്ടെത്തി.

ഒന്നാം ഘട്ടത്തിൽ, 22.34 കോടി രൂപ കേന്ദ്ര വിഹിതമായും, 5.98 കോടി രൂപ സംസ്ഥാന വിഹിതമായും ചിലവഴിച്ചു. രണ്ടാം ഘട്ടത്തിൽ കൈത്തറി ഡയറക്ടറേറ്റ് മുഖാന്തിരം കേന്ദ്ര വിഹിതം അനുവദിച്ചു നൽകുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ ആദ്യഗഡുവായി കേന്ദ്രത്തിൽ നിന്നും 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും ലഭിയ്ക്കുകയുണ്ടായി. അതിൽ 137.49 കോടി രൂപ ചിലവഴിച്ചു. സംസ്ഥാന വിഹിതമായി 34.80 കോടി രൂപയും നൽകി.

കേന്ദ്ര-സംസ്ഥാന വിഹിതം വിനിയോഗിച്ചതിനെ സംബന്ധിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

RRR പാക്കേജ് 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. ഒന്നാം ഘട്ടത്തിൽ വിനിയോഗിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കൾ | കേന്ദ്രവിഹിതം (രൂപ) | സംസ്ഥാന വിഹിതം (രൂപ) | ആകെ (രൂപ) |
|---|---|---|---|
| 122 PHWCS<br>1112 വ്യക്തിഗത നെയ്ത്തുകാർ | 22.34 കോടി | 5.98 കോടി | 28.32 കോടി |

2-ാം ഘട്ടത്തിലെ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം

| ഗുണഭോക്താക്കൾ | കേന്ദ്രവിഹിതം (രൂപ) | സംസ്ഥാന വിഹിതം (രൂപ) | ആകെ (രൂപ) |
|---|---|---|---|
| ഹാന്റെക്സ് | 47.72 കോടി | 15.91 കോടി | 63.63 കോടി |
| PHWCS (230) | 89.77 കോടി | 18.89 കോടി | 108.66 കോടി |
| **ആകെ** | **137.49 കോടി** | **34.80 കോടി** | **172.29 കോടി** |